# കേരള സാമന്ത യുവജന സമിതി

## കർമ്മ ബ്രഹ്മോദ്ഭവം

പ്രിയ കുടുംബാംഗമെ

ഈ കഴിഞ്ഞ 2018 ജൂലൈ 1നു സാമന്ത സമുദായത്തിലെ ഒരു യുവജനകൂട്ടായ്മ പാലക്കാട് സാമന്ത ഹാളിൽ വച്ചു ചേരുകയുണ്ടായി. മുപ്പതോളം പേർ പങ്കെടുത്ത ഈ കൂട്ടയ്മയിൽ നിന്ന് ഒരു പ്രവർത്തക സമിതി രൂപീകരിക്കുകയും, പ്രവർത്തക സമിതിയിൽ നിന്ന് തന്നെ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ മുതലായ ഉത്തരവാദിത്വങ്ങൾ ചിലരെ തിരഞ്ഞെടുത്ത് ഏൽപ്പിക്കുകയും ചെയ്തു. ഈ കൂട്ടായ്മക്ക് **'കേരള സാമന്ത യുവജനസമിതി'** എന്ന പേരും നിർദേശിച്ചു.

ഈ കമ്മറ്റിയുടെ പാരന്റ് കമ്മറ്റി സാമന്തസമാജം കേന്ദ്ര കമ്മറ്റി ആയി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര കമ്മറ്റിയിൽ അറിയിക്കുകയൂം ചെയ്തു. ആയതിനാൽ ഈ യുവജനസമിതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കേന്ദ്ര കമ്മറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ തന്നെ ആയിരിക്കും.

ഇപ്പോൾ രൂപീകരിച്ച കമ്മറ്റിയുടെ പ്രധാനലക്ഷ്യം സാമന്ത സമുദായത്തിൽപെട്ട മുഴുവൻ ആളുകളുടെയും വിവരശേഖരണം നടത്തുകയും അത് ഡിജിറ്റലൈസ് ചെയ്യുകയും ആണ്. യുവജനസമിതിയുടെ ഒരു ഔപചാരിക ഉദ്ഘാടനം ലോക സാമന്ത ദിനത്തിൽ (അപ്പു നെടുങ്ങാടി ജന്മദിനം, 11/10/2018) നടത്തുവാൻ വേണ്ടി അനുവാദം വാങ്ങുന്നതിനുള്ള ശ്രമങ്ങളും കമ്മറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നുണ്ട്. ഇപ്പോൾ തിരഞ്ഞെടുത്ത കമ്മറ്റി ഒരു വർഷത്തേക്ക് പ്രവർത്തിക്കുവാനും, ഒരു വർഷത്തിനുള്ളിൽ ശേഖരിച്ച വിവരത്തിൽ നിന്ന് കൂടുതൽ യുവാക്കളെ പങ്കെടുപ്പിച്ച് കൊണ്ട് കേരള സാമന്ത യുവജനസമിതി വിപുലീകരിക്കുവാനും പ്രവർത്തനം കൂടുതൽ ഉയർന്ന തലങ്ങളിലേക്ക് വളർത്തുവാനും ശ്രമിക്കുക എന്നത് യുവജനസമിതിയുടെ പ്രവർത്തനലക്ഷ്യങ്ങൾ ആണ്. ഈ ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ട് പോകാൻ ആണ് ഇപ്പോഴത്തെ പ്രവർത്തനസമിതി ഉദ്ദേശിക്കുന്നത്.

തിരുമുൽപ്പാട്, ഏറാടി, നെടുങ്ങാടി, വെള്ളോടി, കർത്താ, പണ്ടാല തുടങ്ങിയ സാമന്ത സമുദായ അംഗങ്ങളെ ഉൾകൊള്ളിച്ചുകൊണ്ട് 40 വർഷങ്ങൾക്കു മുൻപ് രൂപംകൊണ്ട പൊൻതൂവൽ ആണ് സാമന്ത സമാജം. നാളിതുവരെ നമ്മുടെ

ഗുരു കാരണവന്മാർ പിന്തുടർന്ന് പോന്ന, കല സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളിൽ വളരെ ഉദാത്തമായ ഒരു പ്രവർത്തനമേഖലയാണ് നാമിന്നു കാണുന്ന സാമന്ത സമാജം. കൂട്ടുകുടുംബങ്ങൾ കുറഞ്ഞുവരുന്ന ഈ കാലത്ത് ഒരു കുടുംബ കൂട്ടായ്മ എന്നതിലുപരി വിദ്യാർത്ഥികൾക്കും മറ്റു കലാ സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവർക്കും വലിയ പ്രചോദനം കൂടി ആണ്. ഈ തിലകകുറിക്കു മറ്റൊരു പൊൻതൂവലായി നിലകൊള്ളുക എന്ന പരമപ്രധാനലക്ഷ്യത്തോടെ യുവജനസമിതി യാഥാർഥ്യമായിരിക്കുകയാണ്. യുവജന സമിതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളും കർത്തവ്യങ്ങളും സ്വപ്നങ്ങളും ...

1. അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാമൂഹികാന്തരീക്ഷത്തിൽ സാമന്ത സമുദായം നിലനിൽക്കേണ്ട ആവശ്യകതയും പ്രസക്തിയും പുതിയ തലമുറയെ ബോധ്യപ്പെടുത്തിയും പുതിയ സാഹചര്യത്തിൽ കാലങ്ങളായി നടത്തി കൊണ്ടിരിക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ടും സമുദായത്തെ പഴയ പ്രതാപകാലത്തിലേക്ക് തിരിച്ചുകൊണ്ടുപോവുക.
2. ‘ഇന്നത്തെ യുവജനങ്ങളാണ് നാളെയുടെ ഭാവി’ എന്ന് പറഞ്ഞ നെൽസൺ മണ്ടേലയുടെ വാക്കുകളോട് ചേർന്ന് നിന്നുകൊണ്ട് സമുദായത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരവും ഉദ്യോഗ സംബന്ധവുമായ കാര്യങ്ങൾ, സമുദായത്തിലെ യുവജനങ്ങൾ ചേർന്നു തുടങ്ങാനാഗ്രഹിക്കുന്ന പുതിയ സംരംഭങ്ങൾ,നൈപുണ്യ വികസനം എന്നിവക്ക് സമുദായത്തിലെ സഹായമനസ്കരായ എല്ലാ വ്യക്തികളെയും കോർത്തിണക്കി സാമ്പത്തിക സഹായവും മാർഗനിർദേശങ്ങളും ഉറപ്പുവരുത്തുക.
3. സമൂഹത്തിന്റെ വിവിധ കോണുകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന സമുദായ അംഗങ്ങൾക്ക് അവരുടെ പരിഭവങ്ങളും സങ്കടങ്ങളും വേദനയും സന്തോഷവും പങ്കു വെക്കാനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനുള്ള ഒരിടമാക്കി സംഘടനയെ മാറ്റുക.
4. സമുദായ അംഗങ്ങളുടെ തകർന്നുകൊണ്ടിരിക്കുന്ന കുടുംബക്ഷേത്രങ്ങളും തറവാടുകളും പുനരുദ്ധാരണം നടത്തി കാലത്തെ അതിജീവിച്ച സാംസ്കാരിക കേന്ദ്രങ്ങളാക്കി നിലനിർത്തുക.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമുദായ അംഗങ്ങളെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുക.
6. സമുദായ അംഗങ്ങളുടെ എല്ലാ ചടങ്ങുകൾക്കും എല്ലാവരെയും പങ്കെടുപ്പിക്കാനും പങ്കെടുക്കാനും ശ്രമിക്കുക. ഉദാഹരണത്തിന് സമാജം സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പങ്കെടുത്തും അതുപോലെ സമുദായ അംഗങ്ങളുടെ മരണം നടന്ന വീടുകൾ സന്ദർശിച്ചും തങ്ങളാൽ കഴിയുന്ന സഹായസഹകരണങ്ങൾ ഉറപ്പുവരുത്തുക.

7. വർഷത്തിൽ ഒരിക്കലെങ്കിലും ചെറിയ ചെറിയ യാത്രകളും കൂട്ടായ്മകളും സംഘടിപ്പിച്ചു സമുദായത്തിലെ അംഗങ്ങളുടെ ഒത്തൊരുമയും സംഘടനാബോധവും അരക്കിട്ടുറപ്പിക്കുക.

8. യുവജനസമിതി തുടക്കമിട്ടിട്ടുള്ള മുഴുവൻ സാമന്തൻമാരെയും കുറിച്ചുള്ള വിവര ശേഖരണത്തിന് പൂർണമായ പിന്തുണ ഉറപ്പാക്കുക. വിവാഹം, വിദ്യാഭ്യാസം, ജോലി തുടങ്ങി ജീവിതത്തിലെ പല നിർണായക ഘട്ടങ്ങളിലും ഇതിലെ വിവരങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. സമുദായത്തിന് വേണ്ടി ഇതെല്ലാം ഉൾകൊള്ളിച്ചു ഒരുക്കുന്ന വെബ്സൈറ്റ് സമുദായത്തിന്റെ നല്ല നാളെയിലേക്കുള്ള കവാടമാണ്. ആയതിനാൽ സംഘടനയുടെ ഈ ഉദ്യമത്തിന് എല്ലാ സമുദായ അംഗങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടത് കർത്തവ്യമായി കരുതുക.

9. കേരളത്തിന് പുറത്തുള്ള സമുദായ അംഗങ്ങളെ ഉൾപ്പെടുത്തി അവർക്ക് വേണ്ടി ഒരു പാർപ്പിട പദ്ധതി രൂപപ്പെടുത്തിയെടുക്കുക. അതിൽ മുതിർന്നവർക്കു വേണ്ടി ഒരു ആരോഗ്യ കേന്ദ്രം, കുട്ടികൾക്ക് വേണ്ടി കരിയർ ഗൈഡൻസ് സെന്റർ, ഒരു കൺവെൻഷൻ സെന്റർ എന്നിവ നമ്മുടെ സ്വപ്നപദ്ധതികളാണ്.

10. സമാനചിന്താഗതിക്കാരായ മറ്റു ഹിന്ദു സമുദായ സംഘടനകളുമായി ചേർന്ന് സമുദായ പുരോഗതിയ്ക്കൊപ്പം സാമൂഹിക പുരോഗതിക്കുകൂടി വേണ്ടി പ്രവർത്തിക്കാൻ തയ്യാറെടുക്കുക.

ഇതൊരു ഹിന്ദു സമുദായ സംഘടനക്ക് കീഴിൽ പ്രവർത്തിക്കുന്ന ഒരു യുവജനസംഘടനയാണ്. ആയതിനാൽ ഹിന്ദു സംസ്ക്കാരത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കായിരിക്കും പ്രാമുഖ്യം എന്ന് എടുത്തു പറയുന്നു.

ഇത് ഒരിക്കലും പൂർണമല്ല. പൂർണമാവുകയും ഇല്ല...... കാലത്തിനനുസരിച്ചുള്ള മാറ്റവും മാറ്റങ്ങളും നമുക്കും അനിവാര്യമാണ് എന്ന് വിശ്വസിക്കുന്നു.. എല്ലാവരുടെയും അനുഗ്രഹങ്ങളും പിന്തുണയും ലഭിക്കുമെന്ന പ്രതീക്ഷയോടെ...

ഈ കൂട്ടായ്മയുടെ ലക്ഷ്യങ്ങളും സ്വപ്നങ്ങളും ആണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇത് പ്രാവർത്തികമാക്കുന്നതിന് എല്ലാവരുടെയും കൈമെയ് മറന്നുള്ള സഹായസഹകരണങ്ങളാണ് വേണ്ടത്. ചെറിയ ചെറിയ പിണക്കങ്ങളും പരിഭവങ്ങളും മാറ്റി വച്ച് ഈ ലക്ഷ്യങ്ങൾക്കായി നമുക്ക് കൈകോർക്കാം. ഈ കൂട്ടായ്മയിൽ നിന്ന് കൊഴിഞ്ഞു പോയവരും ഇനി പോവാൻ നിൽക്കുന്നവരും ഒരു വട്ടം കൂടി ചിന്തിക്കുക എനിക്ക് വേണ്ടി ഇനി വരാൻ പോകുന്ന തലമുറകൾക്ക് വേണ്ടി നമുക്ക് എന്ത് ചെയ്യാൻ കഴിയും. എല്ലാ ചർച്ചകളും കാര്യക്ഷമമാവട്ടെ. അവ നമ്മളോരോരുത്തർക്കും പിന്തുണയാവട്ടെ.

'നിങ്ങൾക്ക് ചെയ്യുവാൻ കഴിയില്ലെന്ന് മറ്റുള്ളവർ പറയുന്ന കാര്യം ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം.'

ഈ വരുന്ന ഒക്ടോബർ 11 നു നടക്കാനിരിക്കുന്ന ലോക സാമന്ത ദിനത്തിന് യുവജന സമിതിയുടെ എല്ലാ സഹായ സഹകരണങ്ങളും ഈ കമ്മിറ്റി ഉറപ്പുനൽകുന്നു.

വാട്സ്ആപ്പ് ഗ്രൂപ്പിൽ ആളുകളെ ആഡ് ചെയ്യുന്നതിന് പരിധി ഉള്ളത് കൊണ്ട് തന്നെ നമ്മൾ തുടക്കമിട്ട ടെലിഗ്രാം ഗ്രൂപ്പിൽ എല്ലാ മെമ്പർ മാരും ചേരേണ്ടതാണ്. ലിങ്ക് ചുവടെ കൊടുക്കുന്നു. അതോടൊപ്പം ആദ്യമേ രൂപീകരിച്ചിട്ടുള്ള വാട്സാപ്പ് ഗ്രൂപ്പിൽ തുടരുവാനും സമിതി താത്പര്യപ്പെടുന്നു.

എല്ലാവരും ലിങ്കിൽ ക്ലിക് ചെയ്ത് **കേരള സാമന്ത യുവജനസമിതി** യുടെ ടെലിഗ്രാം ഗ്രൂപ്പിൽ ചേരാൻ താത്പര്യപ്പെടുന്നു.

https://t.me/joinchat/Ip3J3hMIvFBzDYbidPiwng

നിങ്ങളുടെ എല്ലാ വിലയേറിയ അഭിപ്രയങ്ങളും നിർദേശങ്ങളും താഴെ പറയുന്ന മെയിലിലേക്കു അയക്കുക .

mail4ksys@gmail.com

യൂത്ത് വിങ് കമ്മിറ്റി അംഗങ്ങൾ **(Jul 2018 - July 2019)**

| | | |
|---|---|---|
| പ്രസിഡന്റ് | : | വിജുകുമാർ നെടുങ്ങാടി |
| വൈസ് പ്രസിഡന്റ്മാർ | : | ശ്രീശാന്ത് പി എസ് ഏറാടി |
| | | ശ്രീജിത്ത് വെള്ളോടി |
| സെക്രട്ടറി | : | നന്ദിത പാരിതോഷ് കോവിലമ്മ |
| ജോയിന്റ് സെക്രട്ടറി | : | ദൃശ്യ കോവിലമ്മ |
| ട്രെഷറർ | : | രാഹുൽ നെടുങ്ങാടി |
| ഇന്റർണൽ ഓഡിറ്റർ | : | പ്രീതി സന്തോഷ് |
| ഐടി കോർഡിനേറ്റർമാർ | : | ശ്രീജിത്ത് നെടുങ്ങാടി |
| | | ശ്രീലാൽ നെടുങ്ങാടി |

കമ്മറ്റി അംഗങ്ങൾ

മനോജ് മധുസൂദനൻ, സജിത്ത്. കെ, ശ്യാംജിത്ത്. പി.വി, അശ്വതി ഉണ്ണികൃഷ്ണൻ, അശോക് കുമാർ. കെ.എം, അനിൽ. കെ, ജിതിൻ. ആർ, മുരളീധരൻ. പി.സി, ശ്രീരാജ് മുള്ളത്ത്, ദീപ്തി ശ്രീകുമാർ, ശ്വേത. ടി.എം, ഹരിത. കെ, മൈത്രി. വി. പി.

കേരള സാമന്ത യുവജനസമിതിക്ക് വേണ്ടി

**KSYS Committee members**